"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ-ജീവനക്കാര്യം- ശ്രീമതി.ഗ്രേസി.പി.എ.(യു.ഡി ടൈപ്പിസ്റ്റ്, സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം)-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.864/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/04/2021

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) 580/2013ധന

3 27.02.2017-ലെ സ.ഉ(സാധാ) നം.546/2017/തസ്വഭവ

4 17.03.2018-ലെ സ.ഉ(സാധാ) നം.730/2018/തസ്വഭവ

5 30.11.2019-ലെ സ.ഉ(സാധാ) നം.2711/2019/തസ്വഭവ

6 05.06.2020-ലെ സ.ഉ(സാധാ) നം.1061/2020/തസ്വഭവ

7 കുടുംബശ്രീ ഡയറക്ടറുടെ 20.01.2021-ലെ 2371/ഇ1/2017/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

8 09.04.2021 ലെ സഉ(പി) നം.61/2021/ധന

<u>ഉത്തരവ്</u>

തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ കാര്യാലത്തിലെ യു.ഡി ടൈപ്പിസ്റ്റ് ആയ ശ്രീമതി. ഗ്രേസി.പി.എ-യെ പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5), (6) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 28.02.2021 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 01.03.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (7) കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ഗ്രേസി.പി.എ-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.03.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.ഗ്രേസി.പി.എ.(സ്റ്റേഷനറി കൺട്രോളർ മുഖേന)

സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ